Circular No: 165

Lenten Campaign Against
Hunger and Disease 2015

The Catholic Metropolitan's
House
P.B.No.71, Kottayam
Kerala, India - 686001

Date: 05-03-2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

ആത്മ - ശരീര നൈർമല്യത്തോടെ ദൈവത്തെ അന്വേഷിക്കുന്ന ആത്മീയ പാരമ്പര്യമായ വ്രത വിശുദ്ധിയുടെ അമ്പത് നോമ്പിലൂടെ നാം കടന്നു പോവുകയാണ്. നമ്മെ കൂടുതൽ വിശുദ്ധീകരിക്കുവാൻ ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും വലിയ നോമ്പിന്റെ ഒരു ഞായറാഴ്ച ദാരിദ്ര്യ രോഗ നിവാരണ ദിനമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ അതിരൂപതയിൽ മാർച്ച് 22 ഞായറാഴ്ച ദാരിദ്ര്യരോഗ നിവാരണ ദിനമായി ആചരിക്കുകയാണ്.

ജോബിന്റെ പുസ്തകത്തിൽ നിന്ന് എടുത്ത “കുരുടന് കണ്ണുകളും മുടന്തന് കാലുകളും” (29:15) എന്ന പ്രതീകാത്മകമായ വാക്കുകളാണ് 23-ാമത് ദാരിദ്ര്യ രോഗദിന സന്ദേശത്തിൽ നാം ഏവരുടെയും ക്രൈസ്തവ ദൗത്യം ഉദ്ബോധിപ്പിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ തെരഞ്ഞെടുത്തത്. തന്റെ നഗരത്തിലെ പ്രധാനികൾക്കിടയിൽ ഒരു നിശ്ചിത അധികാരവും പ്രാധാന്യവുമുണ്ടായിരുന്ന നീതിമാനായ ജോബ് തന്റെ സഹായം തേടിയെത്തിയ പാവപ്പെട്ടവർക്ക് നൽകിയ സഹായത്തിലും അനാഥരോടും വിധവകളോടും രോഗികളോടും കാട്ടിയ ശ്രദ്ധയിലും പരിഗണനയിലും അദ്ദേഹത്തിന്റെ ധാർമ്മിക വലുപ്പം വെളിവായി(ജോബ് 29:12-13). നീതിമാനായ ജോബിന്റെ പ്രവർത്തനങ്ങളിൽ നിന്ന് ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് യഥാർത്ഥ വിശ്വാസത്തിൽ രൂഢമൂലമായ ജീവിതങ്ങൾകൊണ്ട് ‘കുരുടന് കണ്ണുകളും മുടന്തന് കാലുകളുമാകുവാൻ’ അനുദിന ജീവിതത്തിൽ നമുക്ക് സാധിക്കണം.

പാവപ്പെട്ടവരോടും രോഗികളോടും ദാരിദ്ര്യം അനുഭവിക്കുന്നവരോടും ദൈവസ്നേഹത്തിൽ വർത്തിക്കുന്നതിനുള്ള അവസരമാണ് നോമ്പിന്റെയും ഉപവാസത്തിന്റെയും അവസരത്തിൽ ദൈവജനത്തിന് ലഭിക്കുന്നത്. ഇതിനുള്ള ശക്തിസംഭരണമാണ് നോമ്പാചരണത്തിലൂടെ നാം നടത്തുന്നത്. ഓരോ ക്രൈസ്തവനും മാമ്മോദീസായുടെയും സ്ഥൈര്യലേപനത്തിന്റെയും ശക്തിയാൽ ക്രിസ്തുവിനോട് പ്രത്യേകമായി അനുരൂപപ്പെടുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. സഹനം വഹിക്കുന്നവർക്ക് എപ്പോഴും നല്ല സമറായനാണ് ക്രിസ്തു. ക്രിസ്തു സ്വന്തം ജീവൻ ത്യജിച്ചുകൊണ്ട് മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സ്നേഹം നമുക്ക് വെളിവാക്കി തന്നു. ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിൽ പങ്കാളികളായി നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്നു (1 യോഹന്നാൻ 3: 16).

നമ്മുടെ സാമീപ്യവും സാന്ത്വനവും ആവശ്യമുള്ളവരിലേക്ക് സ്നേഹത്തോടെയും ശുശ്രൂഷാ മനോഭാവത്തോടെയും നാം സംലഭ്യമാക്കുമ്പോൾ പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് ദൈവത്തിന്റെ സ്നേഹവും സന്തോഷവും നാം പകർന്നു നൽകുകയാണ്. സഹോദരങ്ങൾക്ക് സ്നേഹശുശ്രൂഷ ചെയ്യുന്നതിനുള്ള ഉദാത്തമായ മാതൃക വിശുദ്ധ ബൈബിൾ ഉയർത്തി കാണിക്കുന്നുണ്ട്. യേശുവിന്റെ അമ്മയും നമ്മുടെ മാതാവുമായ പരിശുദ്ധ മറിയത്തിന്റെ മാതൃകയാണത്. ദൈവപദ്ധതി പ്രകാരം ദൈവകുമാരനെ പരിശുദ്ധാത്മാവിനാൽ ഉദരത്തിൽ സ്വീകരിച്ച പരിശുദ്ധ അമ്മ തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ കാണുവാനും സഹായിക്കുവാനുമായി തന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും മാറ്റിവച്ചുകൊണ്ട് ഗലീലയിൽ നിന്നും യൂദയായിലേക്ക് നിസ്വാർത്ഥമായ സേവനമനോഭാവത്തോടെ പോയത് രോഗപീഢകളാൽ കഷ്ടപ്പെടുന്നവർക്കും ദാരിദ്ര്യം അനുഭവിക്കുന്നവർക്കും സേവനം ചെയ്യുവാൻ നമുക്ക് ശക്തിപകരുന്നതിനാണ്.

ഭൗതിക സമ്പത്തും സുഖസൗകര്യങ്ങളും വർദ്ധിച്ച് ജീവിതസാഹചര്യങ്ങൾ വിശാലമാകുമ്പോൾ പങ്കുവയ്ക്കലിന്റെയും കണ്ടുമുട്ടലിന്റെയും ശുശ്രൂഷയുടെയും പാഠം മറന്ന് ഹൃദയങ്ങൾ കൂടുതൽ സങ്കുചിതമായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഇന്നത്തെ ദുരവസ്ഥ. അമ്പത് നോമ്പിന്റെ ചൈതന്യത്താൽ പ്രാർത്ഥിക്കുന്ന അധരങ്ങളും പ്രവർത്തിക്കുന്ന കരങ്ങളും സ്നേഹിക്കുന്ന ഹൃദയവും നാമോരോരുത്തരും രൂപപ്പെടുത്തണം.

അമ്പത് നോമ്പിൽ നാമെടുക്കുന്ന ഉപവാസം സ്വാഭാവികമായും ദാനധർമ്മത്തിലേക്ക് നമ്മെ നയിക്കണം. നമ്മുടെ ഇടയിൽ സാമ്പത്തിക-ദാരിദ്ര്യ-രോഗ വിഷമതകൾ അനുഭവിക്കുന്ന അനേകരുണ്ട്. "ദരിദ്രരെ പോറ്റാൻ ഉപവസിക്കുന്നവർ അനുഗ്രഹീതർ" എന്ന് ആദിമ സഭയിലെ പിതാക്കൻമാർ ഉദ്ബോധിപ്പിച്ചിരുന്നു. അൾത്താരയിലെ സ്നേഹത്തിന്റെ കൂദാശയോടൊപ്പം വിഷമത അനുഭവിക്കുന്ന സഹമനുഷ്യരോടുള്ള സ്നേഹ കൂദാശയ്ക്ക് നാം പ്രാധാന്യം കൊടുക്കണം. ഉപവാസത്തിന്റെ ജീവൻ ദരിദ്രർക്കുള്ള സഹായമാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. നമ്മുടെ ഇടവകയിലെയും അതിരൂപതയിലെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് വേദന അനുഭവിക്കുന്ന സഹോദരങ്ങൾക്ക് സ്നേഹ ശുശ്രൂഷ ചെയ്യുവാൻ നാം മുൻപോട്ട് വരണം.

ദരിദ്രരും രോഗികളും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ നമ്മുടെ സഹോദരങ്ങളെ ജാതി മത ഭേദമന്യേ പരിഗണിച്ചുകൊണ്ട് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ കാലാനുസൃതമായ പഠനങ്ങളും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ അതിരൂപത പ്രവർത്തിക്കുന്നത്. അതിരൂപതയുടെ സാമൂഹിക സേവന വിഭാഗങ്ങളായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും ഈ മേഖലകളിൽ ചെയ്യുന്ന സേവനങ്ങൾ ഏറെ മാതൃകാപരമാണെന്ന് എടുത്ത് പറയട്ടെ.

നിരവധിയായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സാമൂഹ്യക്ഷേമ പ്രസ്ഥാനങ്ങൾ പാർശ്വവത്ക്കരിക്കപ്പെട്ട അനേകായിരങ്ങൾക്ക് ആശ്വാസം പകരുന്നുവെന്നതിൽ എല്ലാ അതിരൂപതാംഗങ്ങൾക്കും അഭിമാനിക്കാം. നമ്മുടെ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ രൂപം നൽകിയിരിക്കുന്ന അതിരൂപതയിലെ അവികസിത പ്രദേശങ്ങൾക്കായുള്ള പ്രത്യേക കർമ്മ പദ്ധതികളും ഗവൺമെന്റുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനനിർമ്മാണ പദ്ധതിയും നിർദ്ധന രോഗികൾക്കായുള്ള ചികിത്സാ സഹായ സാധ്യതകളും ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുമൊക്കെ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുവാൻ എല്ലാ രൂപതാംഗങ്ങളും കൂട്ടായി പരിശ്രമിക്കണം. കൂടാതെ ഇടവകതലത്തിൽ നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെയും ഗ്രാമവികസന സമിതികളുടെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്.

ഈശോയുടെ പീഢാനുഭവങ്ങളെ അനുസ്മരിക്കുന്ന ഈ ദിനങ്ങളിൽ ദരിദ്രരോടും പിന്നോക്കാവസ്ഥയിലുള്ളവരോടും പ്രത്യേക പരിഗണന നൽകുന്നതിൽ ഏവരും ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി അനുസ്മരിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ദാരിദ്ര്യരോഗ നിവാരണ ദിനമായ മാർച്ച് 22-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ച് അറിയിക്കേണ്ടതും അന്നേദിവസത്തെ സ്തോത്രക്കാഴ്ച ദാരിദ്ര്യരോഗ നിവാരണ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.